LIBRARY ARCHIVES Kerala Legislative Assembly

ഗ്രീൻ ഗ്രാഫ് പദ്ധതി

78(583) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്ഷത്തൈ നടുന്നതിന് വനം വകുപ്പ് ഉപയോഗിക്കുന്ന പോളിത്തീൻ ബാഗുകൾക്ക് പകരം കമ്പോസ്റ്റിബിൾ കവർ ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ?

വനം വകുപ്പ് തൈകൾ വളർത്തിയെടുക്കാൻ ഉപയോഗിക്കുന്ന പോളിത്തീൻ കവറുകൾ ഘട്ടംഘട്ടമായി മാറ്റി ബദൽ സംവിധാനം കണ്ടെത്തുന്നതിനുള്ള വിവിധ പരീക്ഷണങ്ങൾ നടത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ കയർ പിത്ത് (ചകിരിച്ചോർ) ഉപയോഗിച്ചുള്ള റൂട്ട് ട്രൈനർ സെല്ലുകൾ മറ്റ് കണ്ടെയ്നറുകളെ അപേക്ഷിച്ച് ഈട് നിൽക്കുന്നതായും, പരിസ്ഥിതി സൗഹാർദ്ദമായതുമാണെന്ന് കണ്ടെത്തുകയുണ്ടായി. ടി കണ്ടെയ്നറുകളിൽ 6 മാസം വരെ തൈകൾ നഴ്സറിയിൽ സൂക്ഷിക്കാവുന്നതാണെന്നും പരീക്ഷിച്ചറിഞ്ഞിട്ടുണ്ട്. 2020 വർഷത്തിൽ ഒരുലക്ഷത്തിലേറെ തൈകൾ കയർ പിത്ത് റൂട്ട് ട്രെയിനറുകളിൽ തയ്യാറാക്കിയിട്ടുള്ളതാണ്. വരുംവർഷങ്ങളിൽ കൂടുതൽ തൈകൾ കയർ പിത്ത് റൂട്ട് ട്രെയിനറുകളിൽ വളർത്തിയെടുക്കാനുള്ള നടപടി സ്വീകരിച്ച് വരുന്നു.

(ബി) വനങ്ങളെ അതിൽ നിക്ഷേപിക്കപ്പെട്ട മാലിന്യ ഭീഷണിയിൽനിന്നും മുക്തമാക്കുന്നതിന് ഗ്രീൻ ഗ്രാഫ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പ്രദേശങ്ങളിലും വനത്തിന്റെ ആവാസവ്യവസ്ഥയും വന്യമൃഗങ്ങൾക്കും ഭീഷണിയാകുന്ന തരത്തിൽ പ്ലാസ്റ്റിക്ക് അടക്കമുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് ഇത് തടയുന്നതിനും, മാലിന്യങ്ങൾ നീക്കം ചെയ്ത് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുമായി 871.50 ലക്ഷം രൂപ ചെലവഴിച്ച് 2019-20, 2020-21, 2021-22 എന്നീ മൂന്ന് വർഷങ്ങളിലായി നടപ്പിലാക്കുന്നതിന് ഗ്രീൻ ഗ്രാസ് പ്രോജക്ട് എന്ന പദ്ധതിക്ക് 24-12-2019-ലെ G.O. (Rt) No. 506/2019/വനം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി വനം വകുപ്പ് ജീവനക്കാർ, വന സംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾ വിവിധ

LIBRARY ARCHIVES Kerala Legislative Assembly

എൻ.ജി.ഒ.കൾ, സ്കൂളുകൾ, കോളേജുകൾ എന്നിങ്ങനെ വിവിധ ഏജൻസികളുടെ പങ്കാളിത്തത്തോടെ മാലിന്യങ്ങൾ ശേഖരിച്ച്, സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ PWD, ശുചിത്വമിഷൻ, തുടങ്ങി മറ്റ് സർക്കാർ വകുപ്പുകളുടെ സഹകരണവും പദ്ധതി നടത്തിപ്പിൽ വിഭാവന ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ആവശ്യമായ ഇടങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും രാത്രികാല പട്രോളിംഗ് ഉൾപ്പെടെയുള്ള സംവിധാനങ്ങളും ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷത്തിലേയ്ക്ക് 20 ലക്ഷം രൂപ ഫണ്ട് വിഹിതമായി അനുവദിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ ഈ പദ്ധതിക്കായി ഇക്കോട്യൂറിസം ബഡ്ജറ്റ് ശീർഷകത്തിൽനിന്നും 8 ലക്ഷം രൂപയും CAMPA ഫണ്ടിൽനിന്നും 5 ലക്ഷം രൂപയും വിവിധ വനം സർക്കിളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. നിലവിലെ സാമ്പത്തിക വർഷം (2021-22) ഈ പദ്ധതിക്കായി ഇക്കോട്യൂറിസം ബഡ്ജറ്റ് ശീർഷകത്തിൽനിന്നും 35.64 ലക്ഷം രൂപ വിവിധ വനം സർക്കിളുകളിലേയ്ക്ക് നൽകിയിട്ടുണ്ട്.

(സി) ഈ പദ്ധതിയിൻ കീഴിൽ എത്ര ടൺ പ്ലാസ്റ്റിക് മാലിന്യം വനങ്ങളിൽനിന്നും നീക്കം ചെയ്യുവാൻ കഴിഞ്ഞുവെന്ന് അറിയിക്കുമോ?

ഈ പദ്ധതിയിൻ കീഴിൽ 2021 ഫെബ്രുവരി വരെ 1869 ടൺ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ വനങ്ങളിൽനിന്നും നീക്കം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

വന്യമൃഗങ്ങളുടെ ശല്യത്തിന് പരിഹാരം

79(584) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗശല്യത്തിന് പരിഹാരം കാണുന്നതിനും കാട്ടുമൃഗങ്ങൾക്ക് ഭക്ഷണം ഉറപ്പാക്കുന്നതിനും വനത്തിൽ ഫലവൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; അറിയിക്കാമോ?

പുല്ലുവർഗ്ഗങ്ങളും മറ്റു തദ്ദേശീയമായി കാണുന്ന സസ്യങ്ങളും കാട്ടുമൃഗങ്ങൾക്ക് ഭക്ഷണം ഉറപ്പാക്കുന്നതിന് വനത്തിൽ വച്ചുപിടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.